# *ടൈപ്പിങ് എറേഴ്സ്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

വേഡ് പ്രോസസ്സറിലെ
വെള്ളക്കറുപ്പു 'കീ'കൾ
നിസ്സഹകരണ ഗാന്ധിയനായ്
മോണിറ്ററിൽ, പദങ്ങൾ
പ്രതിലോമമായി
വിന്യസിക്കാൻ തുടങ്ങി:
മരിക്കാൻ എന്നു തട്ടിയാൽ
രമിക്കാൻ എന്നു തെളിയും;
രവിക്ക് എന്നു മുട്ടിയാൽ
വരിക്ക് എന്നു മെനയും;

-----------------------------

-----------------------------

അതിനാൽ,
ഊതവർണ്ണ മഷി മുക്കി
അവൾക്ക് എഴുതി:
രമിച്ചു മരിക്കാനായ്
അരയിൽ അലങ്കാരമണിയാതെ,
മരിച്ചു രമിക്കാൻ
മച്ചകവാതിൽ തഴുതിടുക –
കഴിയുമെങ്കിൽ രവിക്ക്
വരിക്കാനുള്ള സമ്മതിപത്രം
ഇന്നു തന്നെ തപാലിലിടുക!

*************************************